പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1429 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മലിനീകരണ നിയന്ത്രണ ബോർഡ് നഗരസഭകൾക്ക് ചുമത്തിയ പിഴ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിൽ വരുത്തിയ വീഴ്ചകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരസഭകൾക്ക് പിഴ ചുമത്തിയിരുന്നോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടിയുടെ Environmental Compensation ഒടുക്കുന്നതിനുള്ള നിർദേശം നൽകുകയും തിരുവനന്തപുരം കോർപറേഷന് 14.59 കോടി രൂപയും, കൊച്ചി കോർപ്പറേഷന് 1.122 കോടി രൂപയും Environmental Compensation ആയി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. |
| (ബി) | ഇപ്രകാരം പിഴ ചുമത്തുന്ന കാര്യം മലിനീകരണ നിയന്ത്രണ ബോർഡ് തദ്ദേശ ഭരണ വകുപ്പിനെ രേഖാമൂലം അറിയിച്ചിരുന്നോ; | (ബി) & (സി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ നോട്ടീസിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (സി) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിയിൽ വകുപ്പ് പിഴവോ അതൃപ്തിയോ രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന് എന്തൊക്കെ പിഴവ് ഉണ്ടായി എന്നാണ് വകുപ്പ് വിലയിരുത്തുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ